(സി) ഏഴുവർഷ കോൺട്രാക്ടിൽ കേപ്പിൽ നിയമിച്ചിരുന്ന ജീവനക്കാർക്ക് ആർക്കെങ്കിലും സ്ഥിരം നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ അവസാന കാലയളവിൽ വിരമിച്ചതിനുശേഷം പുനർ നിയമനം ലഭിച്ചവരൊഴികെയുള്ള 293 ജീവനക്കാരുടെ നിയമന കാലാവധി 1-3-2011 മുതൽ ഏഴുവർഷത്തേയ്ക്ക് ദീർഘിപ്പിക്കുന്നതിന് കേപ്പിന്റെ 23-2-2011-ൽ ചേർന്ന 113-മത്തെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അപ്രകാരം നിയമനം നൽകിയവരുടെ ലിസ്റ്റ് അനുബന്ധം I ആയും* എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ പകർപ്പ് അനുബന്ധം II ആയും ചേർത്തിരിക്കുന്നു.*

(സി) രണ്ട് പേർക്ക് സ്ഥിരംനിയമനം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം III എ, ബി, സി ആയി ഉള്ളടക്കം ചെയ്യുന്നു.*

ഫയലുകളിലെ നിലവിലെ സ്ഥിതി

83(2071) ശ്രീമതി പി.അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2444/ ബി2/2015/സഹകരണം, തീയതി 12-3-2015, 2518/ബി2/2015/ സഹകരണം, തീയതി 12-3-2015 എന്നീ ഫയലുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) ജില്ലാ സഹകരണ ബാങ്കുകളിൽ നിയമനം നടത്തേണ്ട ബ്രാഞ്ച് മാനേജർ തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി. മുഖേനമാത്രമേ നിയമനം നടത്താൻ പാടുള്ളൂ എന്നുമുള്ള കർശന നിർദ്ദേശം സഹകരണസംഘം രജിസ്ട്രാർ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും നൽകിയിട്ടുണ്ട്. പി.എസ്.സി. വിജ്ഞാപന തീയതിയിൽ ജില്ലാ സഹകരണ ബാങ്കുകളിലെ ബ്രാഞ്ച് മാനേജർ തസ്തികയുടെ യോഗ്യതകളിലൊന്നായി ബികോം (കോ-ഓപ്പറേഷൻ) നിലവിലില്ലായിരുന്നു. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട തർക്കം ബഹു. കേരള ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിലനിന്നിരുന്ന

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

തിനാലാണ് ബ്രാഞ്ച് മാനേജർ തസ്തികയിലെ പി.എസ്.സി. നിയമന നടപടികൾ വൈകാൻ കാരണമായതെന്നും ഇപ്പോൾ ജില്ലാ സഹകരണ ബാങ്കുകളിൽ ടി തസ്തികയിൽ പി.എസ്.സി. നിയമന നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നുമുള്ള മറുപടി നൽകി 2444/ബി2/2015/സഹ, 2518/ബി2/2015/സഹ. എന്നീ ഫയലുകൾ 19-6-2015-ന് തീർപ്പാക്കിയിട്ടുണ്ട്.

ചേർത്തല ചാലിൽ നിവർത്തിൽ ശ്രീ. അപ്പുവിന്റെ ഭൂമി വിട്ടു നൽകുന്നത്

84(2072) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല 1668-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്കിന് നൽകാനുണ്ടായിരുന്ന വായ്പാ കുടിശ്ശികയ്ക്ക് വികലാംഗനും പട്ടികജാതിയിൽപ്പെട്ടയാളും നിർദ്ധനനുമായ ചേർത്തല ചാലിൽ നിവർത്തിൽ ശ്രീ. അപ്പു എന്ന കക്ഷിയിൽനിന്നും ബാങ്ക് ഏറ്റെടുത്ത കിടപ്പാടം ആവശ്യപ്പെട്ട തുക പൂർണ്ണമായും അടച്ചുതീർത്തിട്ടും മടക്കി നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(ബി) മുഖ്യമന്ത്രിയുടെ 2013-ലെ ജനസമ്പർക്ക പരിപാടിയിൽ ഇതു സംബന്ധിച്ച് ശ്രീ. അപ്പു നൽകിയ നിവേദനത്തിന്മേൽ മുഖ്യമന്ത്രി നൽകിയ ഉറപ്പുപ്രകാരം കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ വസ്തു മടക്കിനൽകാൻ ഉത്തരവ് നൽകാത്തത് എന്തുകൊണ്ടാണെന്ന് പറയാമോ ;

(സി) ഇതു സംബന്ധിച്ച് 25-7-2014-ൽ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ, രജിസ്ട്രാർക്ക് അയച്ചിരുന്ന സിപി.2/4301/2014 നമ്പർ ഫയൽ സംബന്ധിച്ച തീർപ്പ് എന്താണെന്ന് പറയാമോ ; ഈ ഫയലിലെ തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ശ്രീ. അപ്പുവിന് സ്വന്തം ഭൂമി മടക്കി നൽകാൻ ഇത്രയേറെ സാങ്കേതിക ബുദ്ധിമുട്ട് ഉണ്ടെങ്കിൽ എന്തിനുവേണ്ടിയായിരുന്നു അദ്ദേഹത്തിൽനിന്നും സ്വന്തം കിടപ്പാടത്തിനുപുറമേ കുടിശ്ശിക തുകയും പലിശയും ഈടാക്കിയതെന്ന് പറയാമോ?

ഉത്തരം

(എ&ബി) ചേർത്തല സർവ്വീസ് സഹകരണ ബാങ്കിലെ 10264-ാം നമ്പർ അംഗമായ ശ്രീ. കെ. അപ്പു ഒ.എൽ. 640/93-94 നമ്പരായി 20-5-1994-ൽ വസ്തു

LIBRARY ARCHIVES Kerala Legislative Assembly